പത്രക്കുറിപ്പ്

08-03-2018

## നീതം 2018 നീതിക്കൊരു കൂട്ടായ്മ ജില്ലാതല ക്യാമ്പയിൻ

എല്ലാ മനുഷ്യന്മാരും സമന്മാരായി തുല്യതയിൽ ജീവിക്കുന്ന ഒരു കാലമു ാകുമെന്ന് ഹരിത കർമ്മസേന വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ. കുടുംബശ്രീ ജെന്റർ വിഭാഗം നീതം 2018 നീതിക്കൊരു കൂട്ടായ്മ ജില്ലാതല ക്യാമ്പയിൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഡോ. ടി.എൻ. സീമ. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പെരുകിവരുന്ന സാഹചര്യത്തിൽ നീതം 2018 എന്ന പേരിൽ കുടുംബശ്രീ മുന്നോട്ടുവച്ചിരിക്കുന്ന ഈ ആശയത്തിന് പ്രസക്തിയേറുമെന്ന് ഡോ. ടി.എൻ. സീമ കൂട്ടിച്ചേർത്തു. അന്താരാഷ്ട്ര വനിതാ ദിന സന്ദേശത്തെ ഉയർത്തിപ്പിടിച്ചുകൊ ് 2018 ലോക കിഡ്നി ദിന പ്രമേയം കിഡ്നിയും സ്ത്രീയുടെ ആരോഗ്യവും; ഉൾപ്പെടുത്തുക, അംഗീകരിക്കുക, ശാക്തീകരിക്കുക എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാർ നെഫ്രോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. നോബിൾ ഗ്രേഷ്യസ് കൈകാര്യം ചെയ്തു. പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചടങ്ങിൽ അദ്ധ്യയായിരുന്നു. ജെന്ററിന്റെ ഭാഗമായി നടത്തിയ പ്രതിധ്വനിയുടെ സമ്മാനദാനം ഡോ. ടി.എൻ. സീമ നിർവ്വഹിച്ചു. ജെന്റർ ജില്ലാ പ്രോഗ്രാം മാനേജർ സ്വാതി. എസ്. ജില്ലാതല റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ എന്ന വിഷയത്തിൽ ചർച്ച നടത്തി.

നീതം ക്യാമ്പയിന്റെ ഭാഗമായി അയൽക്കൂട്ടങ്ങൾ നിർമ്മിച്ച ഹ്രസ്വ ചിത്രങ്ങൾ ജില്ലാ സംഗമത്തിൽ അവതരിപ്പിച്ചു. അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഷാനി നിജാം സ്വാഗതം പറഞ്ഞ ചടങ്ങിൽ സമഗ്ര ബ്ലോക്ക് കോ-ഓർഡിനേറ്റർ സനൂജ നൗഫൽ നന്ദി ആർപ്പിച്ചു. തിരുവനന്തപുരം നെഫ്രോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ചാക്കോ വർഗ്ഗീസ്, കേരള നെഫ്രോളജി അസോസിയേഷൻ സെക്രട്ടറി പ്രൊഫസർ മോഹൻദാസ്. എം.കെ, ജില്ലാമിഷൻ പ്രതിനിധികൾ സി.ഡി.എസ്. ചെയർപേഴ്സണ്മാർ, സി.ഡി.എസ്, എ.ഡി.എസ്. അംഗങ്ങൾ എന്നിവർ പങ്കെടുത്തു. . സ് ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്ന തിനും പ്രതിരോധം തീർക്കുന്നതിനും പ്രശ്നങ്ങളെ അതിജീവിച്ചവരെ പിന്തുണച്ച് നീതി ലഭിക്കുന്നതിനും വേണ്ടിയാണ് നീതം-2018 ജെന്റർ ക്യാമ്പയിൻ സംഘടിപ്പിച്ചത്.

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ